**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3923** **11/11/2019 ൽ മറുപടിയ്ക്ക്**

## ആരോഗ്യവകുപ്പിൽ ആശ്രിത നിയമനം

| | ചോദ്യം<br>ശ്രീ.വി. ജോയി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ (ഡി.എച്ച്.എസ്സ്) ആശ്രിത നിയമനം നൽകുന്നതിനായി ഉത്തരവ് ലഭിച്ച എത്ര പേർക്ക് നിയമനം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് ലഭിച്ച 190 പേർക്ക് ഇനിയും നിയമന ഉത്തരവ് നൽകുവാനുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് നൽകിയിട്ടും നിയമനം നൽകുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | 24/05/1999 ലെ സ.ഉ.(അച്ചടി) 12/1999/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ലോവർ ഡിവിഷൻ ക്ലർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റൻഡ് എന്നീ തസ്തികകളിൽ പരേതൻ ജോലിചെയ്തിരുന്ന വകുപ്പിൽ . നിലവിൽ ഒഴിവുകൾ ഉള്ളപക്ഷം അത്തരം ഒഴിവുകളിലോ, ഒഴിവുകൾ നിലവിലില്ലാത്ത പക്ഷം തൊട്ടടുത്ത് സംഭവിക്കുന്ന ഒഴിവുകളിലോ ആശ്രിതനിയമനം നൽകേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ആശ്രിത നിയമനം നൽകിവന്നിരുന്നു. ഇതിനെതിരെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.2141/2018 നമ്പർ കേസിന്റെ 01/07/2019 തീയതിയിലെ വിധിന്യായ പ്രകാരം വകുപ്പിലെ ആശ്രിതനിയമനം ഒരു വർഷത്തിലുണ്ടാകുന്ന ഒഴിവിന്റെ 5%ൽ അധികരിക്കുവാൻ പാടില്ല എന്ന് ഉത്തരവായിട്ടുണ്ട്. ഈ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. ഇതിൽ വ്യക്തത ലഭിച്ചാൽ മാത്രമേ തുടർനിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. |
| (സി) | ആരോഗ്യവകുപ്പിൽ ആശ്രിത നിയമനം നടത്തുന്നതിന് എത്ര ശതമാനം ഒഴിവുകളാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ സൂചിപ്പിച്ച 24/05/1999 ലെ ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ലോവർ ഡിവിഷൻ ക്ലർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ പരേതൻ ജോലിചെയ്തിരുന്ന വകുപ്പിൽ നിലവിൽ ഒഴിവുകൾ ഉള്ളപക്ഷം അത്തരം ഒഴിവുകളിലോ, ഒഴിവുകൾ നിലവിലില്ലാത്ത പക്ഷം തൊട്ടടുത്ത് സംഭവിക്കുന്ന ഒഴിവുകളിലോ ആശ്രിതനിയമനം നൽകേണ്ടതാണ്. ഒഴിവുകളുടെ അഭാവം നിമിത്തം അത്തരം നിയമനം സാദ്ധ്യമാകാത്ത പക്ഷം, അത്തരം നിയമനം പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴി നടത്തേണ്ടതാണ്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴിയുള്ള ഇത്തരം നിയമനങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി എല്ലാ |

| | | | |
|---|---|---|---|
| | | | വകുപ്പുതലവന്മാരും നിയമനാധികാരികളും തങ്ങളുടെ വകുപ്പിൽ പ്രതിവർഷം സംഭവിക്കാനിടയുള്ള ഒഴിവുകളുടെ 5% പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ള ശ്രീമതി സുനിജക്ക് (എ.ബി. കോട്ടേജ്, കടയ്ക്കാവൂർ) ആരോഗ്യവകുപ്പിൽ എത്ര ഒഴിവുകൾ നിലവിൽ വന്നാൽ നിയമനം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുവാനുള്ളവരിൽ ശ്രീമതി.സുനിജയുടെ സീനിയോരിറ്റി നമ്പർ 9 ആണ്. വകുപ്പിലെ ഒഴിവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സീനിയോരിറ്റി വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

Snidhya

സെക്ഷൻ ഓഫീസർ